**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 557** — **11-07-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ പ്രാദേശിക സാമ്പത്തിക ഉത്പാദന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ്, ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. പി. നന്ദകുമാർ, ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയിൽ പ്രാദേശിക സാമ്പത്തിക ഉത്പാദന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ടൂറിസം മേഖലയിൽ, ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• വിവിധ പങ്കാളിത്ത ടൂറിസം വികസന പദ്ധതികളായ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, സ്ട്രീറ്റ് പദ്ധതി എന്നിവയിലൂടെ പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുന്നു.<br>• ടൂറിസത്തിലൂടെ കൃഷിയെയും, കാർഷിക പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതി, പ്രാദേശിക രുചിഭേദങ്ങൾ വിനോദ സഞ്ചാരികൾക്കു ലഭ്യമാക്കുന്ന എക്സ്പീരിയൻസ് എത്നിക് ക്യുസീൻ പദ്ധതി<br>• സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി പ്രകാരം സ്ത്രീകൾക്കായി ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുന്നു.<br>• കാർഷിക മേഖലയെ ടൂറിസവുമായി ബന്ധിപ്പിക്കുന്ന അഗ്രി ടൂറിസം നെറ്റ്‌വർക്കുകൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.<br>• തദ്ദേശവാസികളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള തൊഴിൽ പരിശീലനങ്ങൾ. |

| | | | |
|---|---|---|---|
| | | | • പരമ്പരാഗത തൊഴിൽ, പ്രാദേശിക കലാരൂപങ്ങൾ, കലാകാരന്മാർ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്ത- നങ്ങൾ ആവിഷ്കരിക്കുക, അതിനായുള്ള പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുക.<br>• ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആസൂത്രണത്തെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; ഈ മേഖലയിൽ ഉൾപ്പെടുത്തുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നത് ഏതൊക്കെ പ്രദേശങ്ങളെയാണ്; നിലവിൽ ഏതൊക്കെ പ്രദേശങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തി വിജയിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | കുമരകം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ലോക മാതൃകയാണ്. വൈക്കം, പൊന്നാനി എന്നിവ പെപ്പർ പദ്ധതിയിലൂടെ ടൂറിസം കേന്ദ്രമായി മാറിയ പ്രദേശങ്ങളാണ്. അയ്മനം കേരളത്തിലെ ആദ്യ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം ആയി 2020 സെപ്റ്റംബറിൽ ഡിക്ലയർ ചെയ്യപ്പെട്ടു, സ്ട്രീറ്റ് പദ്ധതിയിലൂടെ കാന്തല്ലൂർ, 2023 ലെ ബെസ്റ്റ് ടൂറിസം വില്ലേജ് ഗോൾഡ് അവാർഡ് ജേതാക്കളായി, സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി മറവന്തുരുത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വാട്ടർ സ്ട്രീറ്റ് പ്രവർത്തനങ്ങൾ ഡബ്ല്യു ടി എം ആർ ടി ഗ്ലോബൽ അവാർഡ് കേരളത്തിന് ലഭ്യമാക്കി. ബേപ്പൂരിൽ മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നു. |
| (സി) | നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ വരുമാന ലഭ്യതയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ടൂറിസം മേഖലക്കാവശ്യമായ പ്രത്യക്ഷ - പരോക്ഷ ഉത്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുവാൻ, വിവിധ പരിശീലനങ്ങളിലൂടെ പ്രാദേശിക ജനസമൂഹത്തെ പ്രാപ്തമാക്കുകയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ ചെയ്യുന്നത്.<br><br>വിനോദസഞ്ചാര രംഗത്തെ മാറിവരുന്ന അഭിരുചികൾക്കനുസരിച്ച് വിവിധ പരിശീലനങ്ങൾ പ്രാദേശിക സമൂഹത്തിന് നൽകുകയും ഇപ്രകാരം പരിശീലനം ലഭിച്ച ആളുകളെ ആർ ടി യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഈ യൂണിറ്റുകൾ വഴി ചെറുതും വലുതുമായ വിവിധ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. ഇതുവഴി തൊഴിലും വരുമാനവും ഉറപ്പാക്കുന്നു. പരിശീലനം ലഭിച്ചവർക്ക് സാധ്യതകൾക്കനുസരിച്ച് ടൂറിസം വ്യവസായ രംഗത്ത് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സൊസൈറ്റി നടത്തി വരുന്നുണ്ട്. എക്സ്പീരിയൻസ് എത്തിക് ക്യുസീൻ, അഗ്രി ടൂറിസം നെറ്റ് വർക്ക്, വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, സ്ത്രീ സൗഹൃദ വിനോദസഞ്ചാര |

| | | | |
|---|---|---|---|
| | | | പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ, പ്രാദേശിക അക്കോമഡേഷൻ യൂണിറ്റുകൾ നടത്തുന്നതിനുള്ള പരിശീലനം, വിവിധ പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനങ്ങൾ എന്നിങ്ങനെ വിവിധ പരിശീലനങ്ങൾ സൊസൈറ്റി നടത്തി വരുന്നുണ്ട്. നിലവിൽ കെ ആർ ടി എം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പ്രാദേശിക യൂണിറ്റുകളുടെ എണ്ണം 25188 ആണ്. ഈ യൂണിറ്റുകളുടെ പ്രവർത്തനം വഴി സംസ്ഥാനത്ത് 52,344 പേർ പ്രത്യക്ഷ ഗുണഭോക്താക്കളും 98,432 പേർ പരോക്ഷ ഗുണഭോക്താക്കളും ആണ്. ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകളിലൂടെ ഉണ്ടാകുന്ന പ്രാദേശിക വരുമാനം രേഖപ്പെടുത്തുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ മൂന്നാം ഘട്ടത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനമാരംഭിച്ച 2017 ഓഗസ്റ്റ് മാസം മുതൽ 2024 മാർച്ച് 31 വരെ 77.61 കോടി രൂപയുടെ പ്രാദേശിക വരുമാനം ആർ ടി യൂണിറ്റുകളുടെ പ്രവർത്തനങ്ങളിലൂടെ ലഭ്യമായിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പ്രായോഗിക പരിപാടികൾ നടപ്പിൽ വരുത്തുകയും ചെയ്യുന്നത്; വിശദമാക്കുമോ? | (ഡി) | നിലവിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി മുഖേന ആണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് . |

സെക്ഷൻ ഓഫീസർ